പരാതിക്കാരെ നേരിൽ കേട്ടതിൽ ലഭിച്ച അധിക വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തീർപ്പു കൽപ്പിച്ച ശേഷമാണ് വാർഡുവിഭജന അന്തിമ ഉത്തരവ് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും അത് സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം ഭരണഘടനാസ്ഥാപനമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ആണ് നിക്ഷിപ്തമായിട്ടുള്ളത്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള പരാതികൾ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

വോട്ടർപട്ടികയിലെ ക്രമക്കേടുകൾ അന്വേഷിക്കുവാൻ നടപടി

93 (6011) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർ പട്ടികയിൽ വ്യാപകമായി തെറ്റുകളും ക്രമക്കേടുകളും കടന്നുകൂടിയത് സംബന്ധിച്ച ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു പ്രത്യേക ഉന്നതാധികാര സമിതിയെ അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പുതിയതായി രൂപീകരിച്ചതോ നേരത്തെ നിലവിലുണ്ടായിരുന്നതോ അല്ലാത്ത വാർഡുകളുടെ പേരിൽ കരട് വോട്ടർ പട്ടികകൾ പ്രസിദ്ധീകരിച്ച സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പല പഞ്ചായത്തുകളിലും സാങ്കല്പികമായ വാർഡുകൾ രൂപീകരിച്ച് കരട് വോട്ടർപ്പട്ടിക പ്രസിദ്ധീകരിച്ച സംഭവങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതൊക്കെ സംഭവങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) കരട് വോട്ടർ പട്ടികയിൽ വ്യാപകമായ ക്രമക്കേടുകൾ കടന്നുകൂടിയത് പരിഹരിക്കാനും ഇത്തരം തെറ്റുകൾ തിരുത്തി വോട്ടർപ്പട്ടിക പ്രസിദ്ധീകരിക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) ഭരണ ഘടനയിലെയും, കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരവുമുള്ള വ്യവസ്ഥകൾ അനുസരിച്ചാണ് വോട്ടർപട്ടിക തയാറാക്കിയിട്ടുള്ളത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ലഭിച്ച പരാതികളിൽമേൽ അന്വേഷണം നടത്തുകയും ജില്ലാകേന്ദ്രങ്ങളിൽ വച്ച് പരാതിക്കാരെ കമ്മീഷൻ നേരിൽ കേൾക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വോട്ടർ പട്ടിക തയാറാക്കിയിരിക്കുന്നത്. വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും അത് സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം ഭരണഘടനാ സ്ഥാപനമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ആണ് നിക്ഷിപ്തമായിട്ടുള്ളത്.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

94 (6012) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം, മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുള്ള ഏതുതരം ഫയലുകളും വിഷയങ്ങളുമാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ റിമാർക്സിനായി അയയ്ക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ ഫയലുകളും മറ്റും റിമാർക്സിന് അയയ്ക്കുന്നത് സംബന്ധിച്ച നിയമവ്യവസ്ഥ സർക്കാർ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് പിന്തുണാസംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് തദ്ദേശസ്വയംഭരണ വകുപ്പ് പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ മാർഗ രേഖയായ സ.ഉ(എം.എസ്)നം. 128/07/തസ്വഭവ. തീയതി 14-5-2007 പ്രകാരം സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളത്. ഇപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനുള്ളിലെ ഒരു സംവിധാനമായതു കൊണ്ടാണ് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഫയലുകൾ അഭിപ്രായത്തിനായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് അയക്കുന്നത്.

വികേന്ദ്രീകരണ ആസൂത്രണം വഴി ഉൽപ്പാദന-പശ്ചാത്തല-സേവന മേഖലയിലെ പുരോഗതി

95 (6013) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്ഥാപനങ്ങളുടെ വികേന്ദ്രീകരണ ആസൂത്രണം വഴി ഉൽപ്പാദന-പശ്ചാത്തല-സേവന മേഖലയിൽ സംസ്ഥാനത്തുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ മേഖലയിലും ഇതിനകം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly